## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1331 — **04-12-2014-ൽ മറുപടിക്ക്**

**സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം**

**ചോദ്യം**

**ശ്രീ. എം.ചന്ദ്രൻ,**
**ശ്രീ. സി.കെ.സദാശിവൻ,**
**ശ്രീ.വി.ചെന്താമരാക്ഷൻ,**
**ശ്രീ.ബി.ഡി.ദേവസ്സി.**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **(എ)** | സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടുണ്ടോ, എങ്കിൽ തടസ്സപ്പെടാനുള്ള കാരണം വ്യക്തമാക്കാമോ; | **(എ)** | സംസ്ഥാനത്ത് നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടില്ല. |
| **(ബി)** | ഈ സീസണിൽ സപ്ലൈകോ ഇതുവരെ സംഭരിച്ച നെല്ലിന്റെ അളവെത്രയെന്ന് അറിയിക്കാമോ; | **(ബി)** | 2014-15 ഒന്നാം സീസണിൽ ഇതുവരെ സപ്ലൈകോ 1.27 ലക്ഷം മെ.ടൺ നെല്ല് സംഭരിച്ചു. |
| **(സി)** | സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നെല്ല് സംഭരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; | **(സി)** | ഇല്ല |
| **(ഡി)** | നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ; എന്നു മുതൽക്കുള്ള സംഭരണവിലയാണ് കുടിശ്ശികയായിട്ടുള്ളത്; നെല്ല് സംഭരണത്തിനായി ഈ സാമ്പത്തിക വർഷം സർക്കാർ സപ്ലൈകോയ്ക്ക് ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബാക്കി നൽകാനുള്ള തുകയെത്ര; ഇത് എന്നത്തേക്ക് കൊടുക്കുവാൻ കഴിയുമെന്നാണ് കരുതുന്നത് ? | **(ഡി)** | 2014-15 ഒന്നാം സീസണിൽ ഇതുവരെ സംഭരിച്ച നെല്ലിന്റെ വിലയായ **243.56** കോടി രൂപയിൽ **190.72** കോടി രൂപ സപ്ലൈകോ കർഷകർക്ക് നൽകി കഴിഞ്ഞു. ഇനി **52.84** കോടി രൂപ കർഷകർക്ക് നൽകേണ്ടതുണ്ട്. 06/11/2014 മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശിക ആയി ഉള്ളത്. ഈ സാമ്പത്തീക വർഷത്തിൽ സംസ്ഥാന സർക്കാർ ഈയിനത്തിൽ **145** കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ **150.93** കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**